ബി.എച്ച്.എം.എസ്.5, ബി.എ.എം.എസ്.5, ബി.എസ്.സി. നഴ്സിംഗ് 7 എന്നീ ക്രമത്തിൽ 100 പേർക്ക് ലോൺ അനുവദിക്കുവാനാണ് ബോർഡ് നിശ്ചയിച്ചിട്ടുള്ളത്. എം.ബി.ബി.എസ്., ബി.ഡി.എസ്., ബി.വി.എസ്.സി., ബി.ടെക്. എന്നീ കോഴ്സുകൾക്ക് പ്രതിമാസം 1,500 രൂപ പ്രകാരവും ബി.എ.എം.എസ്., ബി.എച്ച്.എം.എസ്., ബി.എസ്.സി. നഴ്സിംഗ് എന്നീ കോഴ്സുകൾക്ക് പ്രതിമാസം 1,250 രൂപ പ്രകാരവുമാണ് നൽകുന്നത്. ബോർഡ് നിർദ്ദേശിക്കുന്ന ജാമ്യ ഉറപ്പിന്മേലാണ് ലോൺ അനുവദിക്കുന്നത്. വിദ്യാഭ്യാസം പൂർത്തിയായ ശേഷം പലിശയില്ലാതെ തുക തിരിച്ചടയ്ക്കേണ്ടതാണ്.

വഖഫ് ബോർഡ്വഴി നടപ്പാക്കുന്ന സാമൂഹ്യ ക്ഷേമപദ്ധതി

180 (4804) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീമതി കെ.കെ. ലതിക : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വഖഫ് ബോർഡ് പുതുതായി എന്തെങ്കിലും ക്ഷേമപദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

വഖഫ് ബോർഡ് പുതിയതായി ക്ഷേമപദ്ധതികളൊന്നും ആവിഷ്ക്കരിച്ചിട്ടില്ല.

മദ്രസ്സാ അദ്ധ്യാപക പെൻഷൻ

181 (4805) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മദ്രസ്സാ അദ്ധ്യാപക പെൻഷൻ പദ്ധതിയിൽ കോഴിക്കോട് ജില്ലയിൽ ഇതുവരെ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

രജിസ്ട്രേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വിദേശത്ത് തൊഴിൽ അവസരങ്ങൾ തേടുന്ന മുസ്ലീം യുവാക്കൾക്ക് ഹ്രസ്വകാല പരിശീലനം

182 (4806) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ന്യൂനപക്ഷ ക്ഷേമത്തിനായി ഈ സർക്കാർ എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് :

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിദേശത്ത് തൊഴിൽ അവസരങ്ങൾ തേടുന്ന മുസ്ലീം യുവാക്കൾക്ക് ഹ്രസ്വകാല പരിശീലനം നൽകുന്നതിന് പ്രത്യേക കേന്ദ്രം ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ നൽകുമോ ;

(സി) ഇവിടെ എന്തൊക്കെ പരിശീലന പരിപാടികളാണ് നടത്തിവരുന്നത് ;

(ഡി) ഈ കേന്ദ്രങ്ങൾ ആരംഭിച്ചശേഷം ഇതുവരെ എത്ര പേർക്ക് ഹ്രസ്വകാല പരിശീലനം നൽകിയിട്ടുണ്ട് ;

(ഇ) ഈ വർഷം പുതിയ സെന്ററുകൾ എവിടെയൊക്കെ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) സംസ്ഥാനത്തെ മുസ്ലീം ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി പാലോളി മുഹമ്മദ്കുട്ടി കമ്മിറ്റി ശുപാർശ പ്രകാരം മുസ്ലീം വനിതകൾക്ക് സ്വയംതൊഴിൽ ആരംഭിക്കുന്നതിന് പരിശീലനം നൽകുന്ന പദ്ധതിയും തീരപ്രദേശങ്ങളിലും മലയോര പ്രദേശങ്ങളിലുമുള്ള മുസ്ലീംങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള പ്രത്യേക പദ്ധതികളും നടപ്പാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി-ഇ) ഇല്ല. എന്നാൽ അഭ്യസ്തവിദ്യരായ മുസ്ലീം യുവജനതയ്ക്ക് യു.പി.എസ്.സി, പി.എസ്.സി., ബാങ്കിംഗ് സർവ്വീസ്, എൻട്രൻസ് തുടങ്ങിയ മത്സര പരീക്ഷകൾക്കുള്ള ഹ്രസ്വകാല പരിശീലനം നൽകുന്നതിന് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽ കോച്ചിംഗ് സെന്ററുകൾ ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. അതിൽ കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ കോച്ചിംഗ് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ കോച്ചിംഗ് സെന്റർ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. വയനാട് ജില്ലയിൽകൂടി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കോഴിക്കോട് കേന്ദ്രത്തിൽ ആദ്യ ബാച്ചുകളിൽ 160 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

മറൈൻ എൻഫോഴ്സ്മെന്റ് വകുപ്പിൽ ലഭ്യമാക്കിയിട്ടുള്ള മൊബൈൽ ഫോണുകൾ

183 (4807) ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. കെ. ബാബു :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മറൈൻ എൻഫോഴ്സ്മെന്റ് വകുപ്പിൽ ഏതെല്ലാം ഉദ്യോഗസ്ഥർക്കും മേധാവികൾക്കുമാണ് മൊബൈൽ ഫോൺ സൗകര്യം ലഭ്യമാക്കിയിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly